"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 780/2024 ഹർജിയിലെ 23/10/2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറായി വിരമിച്ച ശ്രീ. ജി. സുധാകരന് ഡി.സി.ആർ.ജി.ക്ക് പിഴപ്പലിശ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

G.O.(Rt) No.4694/2026/FIN തീയതി, തിരുവനന്തപുരം, 30-05-2026

പരാമർശം:- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 780/2024 ഹർജിയിലെ 23/10/2025-ലെ അന്തിമ ഉത്തരവ്.

**<u>ഉത്തരവ്</u>**

വൈകി അനുവദിച്ച ഡി.സി.ആർ.ജി തുകയ്ക്ക് പലിശ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് പെർഫോമൻസ് ആഡിറ്റ് യൂണിറ്റിൽ നിന്നും സൂപ്പർവൈസർ തസ്തികയിൽ 31/05/2012-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ജി. സുധാകരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 780/2024 ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജിയിലെ പരാമർശം പ്രകാരമുള്ള ഉത്തരവിൽ ഡി.സി.ആർ.ജി. തുക വിതരണം ചെയ്യുന്നതിൽ ഉണ്ടായ കാലതാമസത്തിന് എതിർകക്ഷികൾ ഉന്നയിക്കുന്ന ഏക വാദം, ശിക്ഷാനടപടി/വിജിലൻസ് കേസ് നിലനിൽക്കുന്നു എന്നതാണെന്നും, എന്നാൽ, കെ.എസ്.ആർ. ഭാഗം III-ലെ റൂൾ 3 പ്രകാരമുള്ള നടപടികളും ശിക്ഷാനടപടികളും 22.12.2017-ന് തന്നെ അവസാനിപ്പിച്ചിരുന്നതാണെന്നും 23.08.2015-ൽ അപേക്ഷകനെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ഒരു പൊതു പരാമർശം ഒഴികെ, എതിർകക്ഷികൾക്ക് യാതൊരു രേഖാപരമായ വിവരവും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്നും, അപേക്ഷകന്റെ വിരമിക്കലിനു ശേഷം മാത്രമാണ് ടി വിജിലൻസ് കേസ് പോലും ഉണ്ടായിരിക്കുന്നതെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിരീക്ഷിക്കുകയും ഡി.സി.ആർ.ജി അനുവദിക്കുന്നതിന് കാലതാമസം നേരിട്ട 08.02.2018 മുതൽ 08.08.2023 വരെയുള്ള കാലയളവിലേയ്ക്ക് അപേക്ഷകന് 8.5% നിരക്കിൽ പലിശ അനുവദിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശയിനത്തിൽ നൽകുന്ന തുക ഡി.സി.ആർ.ജി യഥാസമയം അനുവദിക്കുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് എതിർകക്ഷികൾക്ക് അവകാശമുണ്ടായിരിക്കുന്നതാണെന്നും ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കെ.എസ്.ആർ ഭാഗം III, ചട്ടം 3 പ്രകാരം ഒരു വിജിലൻസ് കേസ് ജുഡീഷ്യൽ നടപടിക്രമമായി പരിഗണിക്കുന്നത്

പ്രസ്തുത കേസ് കോടതി വിചാരണയ്ക്ക് എടുക്കുമ്പോൾ മാത്രമാണ്; അത് കലണ്ടർ കേസ് ആയി മാറുന്നത്. നിലവിൽ ശ്രീ. ജി. സുധാകരനെതിരെയുള്ള വി.സി. 5/13/ടി.വി.എം നമ്പരായ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളുവെന്നും കേസ് കോടതി വിചാരണയ്ക്കെടുത്തിട്ടില്ലെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 3A പ്രകാരമുള്ള വ്യവസ്ഥ ടിയാന്റെ കേസിൽ ബാധകമാക്കുവാൻ സാധിക്കുകയില്ല. കൂടാതെ ശ്രീ. ജി. സുധാകരനെതിരെയുള്ള അച്ചടക്ക നടപടികളെല്ലാം 22.12.2017-ന് തീർപ്പാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ശ്രീ. ജി. സുധാകരന് (PPO No : 111354558) വൈകി അനുവദിച്ച ഡി.സി.ആർ.ജി. തുകയായ 6,12,509/- രൂപയ്ക്ക് 08.02.2018 മുതൽ 08.08.2023 വരെയുള്ള കാലയളവിലേയ്ക്ക് 8.5% പലിശയായി ₹ 2,86,491/- (രണ്ട് ലക്ഷത്തി എൺപത്തിയാറായിരത്തി നാനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) '2071-01-104-88-00-NC' എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് ടിയാൻ പെൻഷൻ കൈപ്പറ്റുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് (കാനറ ബാങ്ക് അക്കൗണ്ട് നം.3475101002123, IFSC Code: CNRB0003475) നിക്ഷേപിക്കുന്നതിന് ട്രഷറി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പലിശയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം ഡി.സി.ആർ.ജി യഥാസമയം അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

TIXY S NELSON

ADDITIONAL SECRETARY

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം.
4. ട്രഷറി ഡയറക്ടർ, പട്ടം , പട്ടം പാലസ് പി.ഒ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്.
7. ശ്രീ. സുധാകരൻ ജി, ഇന്ദു ഭവൻ, ചെറുനാരകംകോട്, അടയമൻ പി ഒ തിരുവനന്തപുരം - 695614
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-2669639)

ഉത്തരവിൻ പ്രകാരം

Signed by
Razi B
സെക്ഷൻ ഓഫീസർ
Date: 01-06-2026 16:51:38